വൈക്കം നിയോജകമണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീം

1175 [2139] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുമ്പോൾ എത്ര കിലോമീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കിലോമീറ്റർ ദൂരം പൈപ്പിൽ വെള്ളം എത്തിച്ച് കൊടുത്തിട്ടുണ്ട്;

(സി) ബാക്കിയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് വെള്ളം എത്തിച്ച് കൊടുക്കാൻ കഴിയും?

ഉത്തരം

(എ) 300 കി. മീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 290 കി. മീറ്റർ ദൂരം.

(സി) വെച്ചൂർ, തലയാഴം എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി നിർമ്മിച്ചിട്ടുള്ള പമ്പ് ഹൗസിൽ ഇലക്ട്രിക് കണക്ഷൻ കിട്ടിയാലുടൻ തന്നെ ആ സ്ഥലങ്ങളിലും ശുദ്ധജല വിതരണം നടത്തുവാൻ സാധിക്കുന്നതാണ്.

ജല–മലിനജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ള മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീം

1176 [2140] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീമുകളാണ് ജല–മലിനജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഓരോന്നും എന്നുമുതൽ?

ഉത്തരം

(എ) ജല–മലിനജല അതോറിറ്റി രൂപവൽക്കരിച്ചതിനുശേഷം മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീമുകൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

നെല്ലിമുരുപ്പ് പ്രദേശത്ത് ശുദ്ധജലം ലഭിക്കുന്നതിന് ആവശ്യമായ നടപടി

1177 [2141] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്ത് ആറാം വാർഡിലെ നെല്ലിമുരുപ്പ് പ്രദേശത്തെ താമസക്കാർക്ക് ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹരിജനങ്ങളും ഭൂരിപക്ഷം അധിവസിക്കുന്ന ഈ പ്രദേശത്ത് ശുദ്ധജലം ലഭിക്കുന്നതിലേക്ക് ഒരു കുഴൽ കിണർ നിർമ്മിക്കാൻ ആവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) നിർദ്ദേശം പരിഗണിക്കാം.

പുല്ലൈക്കോണം,കൊച്ചാർ റോഡുവരെയുള്ള ഡ്രെയിനേജ് റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടി

1178 [2142] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ശാസ്തമംഗലം ആർ. കെ. ഡി. എൻ. എസ്. എസ്. ഹൈസ്കൂളിന് പിന്നിൽനിന്നും തുടങ്ങി, പുല്ലൈക്കോണം,കൊച്ചാർ റോഡുവരെയുള്ള ഡ്രെയിനേജ് റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടി ഏതു ഘട്ടംവരെ എത്തി;

(ബി) അഡ്വാൻസ് പൊസഷനായി ഭൂമി വിട്ടുതന്ന ഭൂവുടമകൾക്ക് പ്രതിഫലം നൽകിയോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി ഏതുഘട്ടംവരെയായി;

(ഡി) പ്രസ്തുത നടപടി ത്വരിതപ്പെടുത്തുമോ;

(ഇ) ഈ റോഡിനുവേണ്ടി അഡ്വാൻസ് പൊസഷൻ തരാത്ത ഏതെങ്കിലും വ്യക്തികൾ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവരിൽനിന്നും ഭൂമി പൊന്നുംവിലയ്ക്കെടുക്കാൻ എന്തു നടപടി സ്വീകരിച്ചു;

(ജി) ഇങ്ങനെയുള്ള വ്യക്തികൾക്കെങ്കിലും അവരുടെ ഭൂമിക്ക് മതിൽ കെട്ടാൻ കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയോ കോർപ്പറേഷനോ അനുമതി നൽകിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതുമൂലം ഈ റോഡിനു സ്ഥലം കിട്ടാതെ വരികയും റോഡ് പൂർത്തിയാകാതിരിക്കുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അതിനെന്ത് പരിഹാര നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഒരു വ്യക്തിയുടേതൊഴിച്ച് ബാക്കി സ്ഥലം മുഴുവൻ അഡ്വാൻസ് പൊസഷൻ ആയി കിട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ത്വരിതപ്പെടുത്താം.

(ഇ) ഒരു വ്യക്തി ഉണ്ട്.

(എഫ്) വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly